ശബരിമല സന്നിധാനം മീഡിയ സെന്റർ
17/11/2026

ശബരിമല മാലിന്യ മുക്തമാക്കാൻ വിശുദ്ധി സേനയുടെ

1000 പേർ സജ്ജം

ശബരിമല തീർത്ഥാടന കാലയളവിൽ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങൾ വൃത്തിയായും മാലിന്യമുക്തമായും സൂക്ഷിക്കാൻ ആയിരത്തോളം പേരെ സജ്ജമാക്കി സാനിറ്റേഷൻ സൊസൈറ്റി. പത്തനംതിട്ട ജില്ലാ കളക്ടർ എ നിസാമുദ്ദീൻ ചെയർമാനായും അടൂർ ആർ.ഡി.ഒ മെമ്പർ സെക്രട്ടറിയുമായുള്ള സൊസൈറ്റി ആണ് വിശുദ്ധി സേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സന്നിധാനത്ത് 300 വിശുദ്ധി സേനാംഗങ്ങളെയും പമ്പയിൽ 250 പേരെയും നിലയ്ക്കലിൽ 420 പേരെയും പന്തളത്ത് 20 പേരെയും കുളനടയിൽ 10 പേരെയും വൃത്തിയാക്കുന്നതിനും മാലിന്യനിർമാർജന പ്രവർത്തികൾക്കുമായി നിയോഗിച്ചിരിക്കുന്നു.

അയ്യപ്പ സേവാ സംഘത്തിന്റെ സഹായത്തോടെ സേലത്ത് നിന്നാണ് വിശുദ്ധി സേനാംഗങ്ങളിൽ കൂടുതൽ പേരും എത്തിയിട്ടുള്ളത്. സന്നിധാനം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പ്ലാസ്റ്റിക് ,ജൈവ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുക എന്നതാണ് പ്രധാന ജോലി. ഇതിനായി ദേവസ്വം ബോർഡ്, കടകൾക്കു മുന്നിലും വിവിധ ഭാഗങ്ങളിലും വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് മാത്രം 300 പേരെയാണ് ക്ലീനിങ് ജോലികൾക്കായി നിയോഗിച്ചിട്ടുള്ളത്. സന്നിധാനത്ത് 15 സെഗ്മെന്റ് ആയി തിരിച്ചാണ് ഇവർക്ക് ജോലി നൽകിയിട്ടുള്ളത് എന്ന് നിലവിലെ സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് എം ബിപിൻകുമാർ അറിയിച്ചു. ഡ്യൂട്ടി മജിസ്ട്രേറ്റ് ആണ് ദൈനംദിന ക്ലീനിങ് പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നത്.

ഓരോ സെഗ്മെന്റിനും ഒരു സെഗ്മെന്റ് ഓഫീസറെ ജില്ലാ കളക്ടർ നിയോഗിച്ചിട്ടുണ്ട്. പത്തുദിവസത്തേക്ക് റൊട്ടേഷൻ വരത്തക്ക വിധമാണ് സെഗ്മെന്റ് ഓഫീസർമാരുടെ നിയമനം. തീർത്ഥാടകർ കയറിവരുന്ന ഇടങ്ങളിലും കടകൾക്കു മുന്നിലും ദേവസ്വം ബോർഡ് വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും ജൈവ– അജൈവ മാലിന്യങ്ങൾ പ്രത്യേകം നിക്ഷേപിക്കണമെന്ന് എഴുതിയും വച്ചിട്ടുണ്ട്. നിറയുന്ന മുറയ്ക്ക് വിശുദ്ധ സേനാംഗങ്ങൾ എത്തി വേസ്റ്റ് നീക്കം ചെയ്യുന്നു.

ഇതിനായി 5 ട്രാക്ടറുകൾ അടൂർ ആർ ഡി. ഒയുടെ നേതൃത്വത്തിൽ എടുത്ത് നൽകിയിരിക്കുന്നു. ആവശ്യമെങ്കിൽ തിരക്ക് കൂടുന്നത് അനുസരിച്ച് കൂടുതൽ ട്രാക്ടറുകൾ നൽകാൻ ദേവസ്വം ബോർഡ് സന്നദ്ധമാണെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ അവലോകന യോഗത്തിൽ അറിയിച്ചിട്ടുമുണ്ട്. ആയിരം പേരുടെ നിയമനം മകരവിളക്ക് വരെയാണ്.

വിശുദ്ധി സേനാംഗങ്ങൾക്ക് ബൂട്ട്, ചപ്പൽ, ഗ്ലൗസ്, സോപ്പ് ,വെളിച്ചെണ്ണ എന്നിവ കൂടാതെ പ്രത്യേകം യൂണിഫോമും നൽകിയിട്ടുണ്ട്. 24 മണിക്കൂറും ഇവരുടെ സേവനം ലഭ്യമാണ്.

1,000-Member 'Vishuddhi Sena' Deployed to Keep Sabarimala Clean During Pilgrimage Season

A dedicated team of around 1,000 sanitation workers has been deployed at Nilakkal, Pamba, Sannidhanam and other locations to ensure cleanliness throughout the Sabarimala pilgrimage season. The 'Vishuddhi Sena' will work round the clock to manage waste and keep the pilgrimage centres clean until the Makaravilakku festival.

The sanitation operations are coordinated by the Sanitation Society, chaired by Pathanamthitta District Collector A. Nizamuddin, with the Adoor Revenue Divisional Officer (RDO) serving as Member Secretary.

The personnel have been deployed across different locations: 300 at Sannidhanam, 250 at Pamba, 420 at Nilakkal, 20 at Pandalam and 10 at Kulanada.

Most of the sanitation workers have arrived from Salem with the support of the Ayyappa Seva Sangham. Their primary responsibility is the timely collection and removal of plastic and biodegradable waste from pilgrim areas, including Sannidhanam.

Sannidhanam Divided into 15 Cleaning Zones

At Sannidhanam, 300 personnel have been assigned sanitation duties. The area has been divided into 15 segments to ensure systematic cleaning and effective supervision.

M. Bipin Kumar, Duty Magistrate at Sannidhanam, said that daily cleaning activities are monitored and evaluated to ensure that all areas remain clean. A Segment Officer has been appointed for each zone by the District Collector, with officers assigned on a rotational basis every ten days.

Waste bins have been installed by the Devaswom Board in front of shops and at other locations frequented by pilgrims. Instructions have been issued to ensure the segregation of biodegradable and non-biodegradable waste. The Vishuddhi Sena personnel regularly collect waste as soon as the bins are filled.

Five Tractors for Waste Removal

Five tractors have been deployed under the supervision of the Adoor RDO to facilitate the timely transportation and removal of collected waste.

During a review meeting, Devaswom Board President K. Jayakumar assured that additional tractors would be provided if required, particularly during periods of heavy pilgrim inflow.

Round-the-Clock Sanitation Services

The 1,000-member team will remain on duty until the Makaravilakku festival. Special uniforms and essential protective items, including boots, sandals, gloves, soap and coconut oil, have been provided to the sanitation workers.

With round-the-clock deployment, systematic waste collection and coordinated monitoring, the Vishuddhi Sena is working to maintain cleanliness and hygiene across all major Sabarimala pilgrimage centres.

सबरीमाला तीर्थयात्रा के दौरान सफ़ाई बनाए रखने के लिए 1,000 सदस्यों वाली 'विशुद्धि सेना'

सबरीमाला तीर्थयात्रा सीजन के दौरान साफ-सफाई सुनिश्चित करने के लिए निलाक्कल, पंबा, सन्निधानम और अन्य जगहों पर लगभग 1,000 सफाई कर्मचारियों की टीम तैनात की गई है। 'विशुद्धि सेना' मकरविलक्कू उत्सव तक कचरा प्रबंधन करने और तीर्थ स्थलों को साफ रखने के लिए चौबीसों घंटे काम करेगी।

सफाई कार्यों का समन्वय 'सैनिटेशन सोसाइटी' द्वारा किया जा रहा है। इसके अध्यक्ष पथानामथिट्टा के जिला कलेक्टर ए. निजामुद्दीन हैं, और अडूर के रेवेन्यू डिविजनल ऑफिसर (RDO) इसके सदस्य सचिव हैं।

इन कर्मचारियों को अलग-अलग जगहों पर तैनात किया गया है: सन्निधानम में 300, पंबा में 250, निलाक्कल में 420, पंडालम में 20 और कुलनाडा में 10 कर्मचारी तैनात हैं।

इनमें से ज्यादातर सफाई कर्मचारी 'अयप्पा सेवा संघम' के सहयोग से सलेम से आए हैं। इनकी मुख्य जिम्मेदारी सन्निधानम सहित तीर्थ क्षेत्रों से प्लास्टिक और बायोडिग्रेडेबल (सड़ने वाले) कचरे को समय पर इकट्ठा करना और वहां से हटाना है।

सन्निधानम को 15 सफाई क्षेत्रों में बांटा गया

सन्निधानम में 300 कर्मचारियों को सफाई का काम सौंपा गया है। व्यवस्थित तरीके से सफाई और प्रभावी निगरानी सुनिश्चित करने के लिए इस इलाके को 15 हिस्सों में बांटा गया है।

सन्निधानम में ड्यूटी मजिस्ट्रेट एम. बिपिन कुमार ने बताया कि सभी जगहों पर साफ-सफाई बनी रहे, इसके लिए रोज होने वाले सफाई कार्यों की निगरानी और समीक्षा की जाती है। जिला कलेक्टर ने हर जोन के लिए एक 'सेगमेंट ऑफिसर' नियुक्त किया है, और हर दस दिन में रोटेशन के आधार पर अधिकारियों को बदला जाता है।

देवस्वोम बोर्ड ने दुकानों के सामने और तीर्थयात्रियों के आने-जाने वाली अन्य जगहों पर कचरे के डिब्बे रखे हैं। बायोडिग्रेडेबल और नॉन-बायोडिग्रेडेबल कचरे को अलग-अलग रखने के निर्देश दिए गए हैं। जैसे ही कचरे के डिब्बे भर जाते हैं, 'विशुद्धि सेना' के कर्मचारी नियमित रूप से वहां से कचरा उठा लेते हैं।

कचरा हटाने के लिए पांच ट्रैक्टर

इकट्ठा किए गए कचरे को समय पर वहां से हटाने के लिए, अडूर RDO की देखरेख में पांच ट्रैक्टर तैनात किए गए हैं। एक समीक्षा बैठक के दौरान, देवस्वोम बोर्ड के अध्यक्ष के. जयकुमार ने आश्वासन दिया कि यदि आवश्यकता पड़ी, तो अतिरिक्त ट्रैक्टर उपलब्ध कराए जाएंगे, खासकर तब जब तीर्थयात्रियों की भारी भीड़ हो।

चौबीसों घंटे स्वच्छता सेवाएं

1,000 सदस्यों वाली यह टीम मकरविलक्कू उत्सव तक ड्यूटी पर रहेगी। स्वच्छता कर्मियों को विशेष यूनिफॉर्म और जरूरी सुरक्षा सामग्री दी गई है, जिसमें जूते, सैंडल, दस्ताने, साबुन और नारियल तेल शामिल हैं।

चौबीसों घंटे तैनाती, व्यवस्थित तरीके से कचरा उठाने और समन्वित निगरानी के जरिए, 'विशुद्धि सेना' सबरीमाला के सभी प्रमुख तीर्थ केंद्रों पर साफ-सफाई और स्वच्छता बनाए रखने का काम कर रही है।